(സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ) മാനേജ്മെന്റ് കമ്മിറ്റിയിൽ പ്രവേശനം നേടി നിലവിൽ പഠിച്ചു കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പഠന ഉപകരണങ്ങളും ഗൈഡുകളും നൽകുവാനുള്ള പദ്ധതി

138 [1117] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങളും ഗൈഡുകളും നൽകുവാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് സർക്കാരിലേക്കുള്ള ശുപാർശ നൽകിയത് ആരായിരുന്നു;

(സി) പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് നൽകുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഇതിനകം ഏതെങ്കിലും ഗൈഡ് വാങ്ങുകയുണ്ടായോ; മുൻ അദ്ധ്യയന വർഷവും ഈ അദ്ധ്യയന വർഷവും എത്ര ഗൈഡുകൾ വാങ്ങുകയുണ്ടായി;

(ഡി) ഗൈഡിന്റെ ഗുണനിലവാരം അവലോകനം ചെയ്തത് ഏത് ഏജൻസിയായിരുന്നു;

(ഇ) ഗൈഡ് നൽകുന്നത് സംബന്ധിച്ച കേരളാ ഹൈക്കോടതിയിൽ നിന്നും ഏതെങ്കിലും വിധി ഉണ്ടായിരുന്നോ; എങ്കിൽ അത് എന്തായിരുന്നു എന്നും കോടതി നിർദ്ദേശത്തിനു വിരുദ്ധമായി ഗൈഡ് വാങ്ങിയതായി പരാതി ഉണ്ടായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങളും ഗൈഡുകളും വാങ്ങുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ വർഷം (2003-2004) എസ്.എസ്.എൽ.സി.-യ്ക്കു പഠിച്ചിരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 'റാങ്ക് ഫയൽ' വാങ്ങി വിതരണം നടത്തിയിരുന്നു.

(ബി) പട്ടികജാതി വികസന ഡയറക്ടറേറ്റിൽ നിന്നും സർക്കാരിലേയ്ക്ക് ശുപാർശ നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2003-2004-ൽ എസ്.എസ്.എൽ.സി.-യ്ക്കു പഠിച്ചിരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് റാങ്ക് ഫയൽ വാങ്ങി നൽകുകയുണ്ടായി. മുൻവർഷം 30,000 കോപ്പികൾ പട്ടിക ജാതി വികസന വകുപ്പ് വാങ്ങുകയുണ്ടായി ഈ വർഷം ഒന്നും വാങ്ങിയിട്ടില്ല.

(ഡി) പൂജപ്പുരയിലുള്ള സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനംഗ് (എസ്.സി.ഇ.ആർ.ടി.) എന്ന സ്ഥാപനം ഗൈഡിന്റെ ഗുണനിലവാരം പരിശോധിച്ചിരുന്നു.

(ഇ) ഉണ്ടായിരുന്നു. 27-11-2003-ലെ ഹൈക്കോടതി വിധിയിൽ ഇനി റാങ്ക് ഫയൽ വാങ്ങുന്നുവെങ്കിൽ ആയത് "വി പബ്ലിഷേഴ്സി"-ൽ നിന്നും വാങ്ങണമെന്നായിരുന്നു. കോടതി വിധിക്ക് വരുദ്ധമായി റാങ്ക് ഫയൽ വാങ്ങിയിട്ടില്ല.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ്

139 [1118] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് അതാതു മാസം തന്നെ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ഇപ്പോഴുള്ള നടപടി ക്രമങ്ങൾ ലളിതമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഈ വിഭാഗം വിദ്യാർത്ഥികളുടെ ആദ്യ നാലു മാസത്തെ സ്റ്റൈപ്പന്റും മുൻകൂറായി അധ്യയന വർഷാരംഭത്തിൽ തന്നെ നൽകി വരുന്നുണ്ട്. തുടർന്നുള്ള മാസങ്ങളിൽ അതത് മാസം തന്നെ സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

പ്ലസ്വൺ കോഴിസിനു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ് ലംപ്സംഗ്രാന്റും

140 [1119] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ്വൺ കോഴ്സിനു പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റും ലംപ്സംഗ്രാന്റും കുടിശ്ശികയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര വർഷത്തെ തുക നൽകുവാനുണ്ടെന്ന് അറിയിക്കാമോ; ഇതിന്റെ കാരണം വിശദമാക്കാമോ;

(സി) കുടിശ്ശിക തുക അടിയന്തിരമായി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly